## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.293

06.01.2014-ൽ മറുപടിയ്ക്ക്

### ചക്കിട്ടപാറയിലെ ഇരുമ്പയിര് ഖനനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ ചക്കിട്ടപാറയിൽ ഖനനത്തിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; | തീരുമാനിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ്; | കോഴിക്കോട് ജില്ലയിലെ കാക്കൂർ, ചക്കിട്ടപ്പാറ, വില്ലേജുകളിലെ നടുവല്ലൂർ, രാമല്ലൂർ ദേശങ്ങളിൽ ഇരുമ്പയിർ ഖനനത്തിന് MSPL ലിമിറ്റഡിന് അനുമതി നൽകിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച് സർക്കാർ നിർദ്ദേശ പ്രകാരം സ്പെഷ്യൽ ടീം മുഖാന്തിരം വിജിലൻസ് അന്വേഷണം (വി.ഇ.11/13/എസ്.ആർ.റ്റി) നടന്നുവരുന്നു. |

| | | |
|---|---|---|
| (സി) | അന്വേഷണത്തിന് ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ശുപാർശ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ്; | വിജിലൻസ് അന്വേഷണത്തിന് വ്യവസായ വകുപ്പ് ശുപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 09.12.2013-ലെ 15179/ബി1/13/വിജി. നമ്പർ കത്ത് പ്രകാരം ഉത്തരവ് നല്കിയിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം കാര്യങ്ങളാണ് അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | അനധികൃതമായി MSPL ലിമിറ്റഡിന് ഇരുമ്പയിര് ഖനനാനുമതി നൽകിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച വിഷയത്തിലാണ് അന്വേഷണം നടക്കുന്നത്. |
| (ഇ) | അന്വേഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | അന്വേഷണത്തിനായി ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ എച്ച്. വെങ്കിടേഷ്, ഐ.പി.എസിന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ